**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3141** **07-10-2025 - ൽ മറുപടിയ്ക്ക്**

**ജൽ ജീവൻ മിഷന്റെ ഭാഗമായുള്ള കുടിവെള്ള സ്രോതസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൽ ജീവൻ മിഷന്റെ ഭാഗമായി കുടിവെള്ള സ്രോതസ്സുകൾ നിർമ്മിക്കാൻ ജലവിഭവ വകുപ്പ് നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ; | (എ) | ജൽ ജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട പുതിയ കണക്ഷനുകൾ നൽകുന്നതിനാവശ്യമായ അധിക ജലസ്രോതസുകൾ കണ്ടെത്തുന്നതിന് പദ്ധതികളുടെ രൂപകല്പനാ ഘട്ടത്തിൽ തന്നെ ജില്ലാതല സോഴ്സ് ഫൈൻഡിങ് കമ്മിറ്റികൾ രൂപീകരിച്ച് പരിശോധിക്കുകയും അതിനനുസരിച്ചുള്ള ആസൂത്രണം പദ്ധതികളിൽ നടത്തിയിട്ടുമുണ്ട്. ജൽജീവൻ മിഷൻ പദ്ധതി കളുടെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കുന്ന തിനായി പ്രധാനമായും റിസർവോയറുകളെയും, പുഴകളെയുമാണ് പദ്ധതികളുടെ സ്രോതസ്സുകളായി കണ്ടെത്തിയിട്ടുള്ളത്.<br><br>സംസ്ഥാനത്തൊട്ടാകെയുള്ള പദ്ധതികളിൽ 53 പദ്ധതികൾക്ക് റിസർവോയറുകളും 383 പദ്ധതികൾക്ക് പുഴകളും 44 പദ്ധതികൾക്ക് ഭൂഗർഭ കിണറുകളും 68 പദ്ധതികൾക്ക് തുറന്ന കിണറുകളും (open wells), 50 പദ്ധതികൾക്ക് നീരുറവകൾ, കുളം, കായൽ എന്നിവയും സ്രോതസുകളായി കണ്ടെത്തിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ജല ജീവൻ മിഷനിലൂടെ ഈ സ്രോതസ്സുകളിൽ നിന്നായി പുതുതായി പ്രതിദിനം 1862.60 ദശലക്ഷം ലിറ്റർ ശുദ്ധജലം ഉത്പാദിപ്പിക്കുന്ന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>കൂടാതെ ജലസ്രോതസ്സുകളുടെ സുസ്ഥിരതക്ക് സംസ്ഥാന വാട്ടർ സെക്യൂരിറ്റി പ്ലാൻ തയ്യാറാക്കുന്നതിനായി വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക കമ്മിറ്റിയും രൂപീകരിച്ചിരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കൂടുതൽ പേർക്ക് കുടിവെള്ളമെത്തിക്കുന്നതിനും പുതിയ ജലസ്രോതസ് കണ്ടെത്തുന്നതിനും പഞ്ചായത്തുകളുമായി സഹകരിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ? | (ബി) | ജൽ ജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട പുതിയ കണക്ഷനുകൾ നൽകുന്നതിനാവശ്യമായ അധിക ജലസ്രോതസുകൾ കണ്ടെത്തുന്നതിന് പദ്ധതികളുടെ രൂപകല്പനാ ഘട്ടത്തിൽ തന്നെ ജില്ലാതല സോഴ്സ് ഫൈൻഡിങ് കമ്മിറ്റികൾ രൂപീകരിച്ച് പരിശോധിക്കുകയും അതിനനുസരിച്ചുള്ള ആസൂത്രണം പദ്ധതികളിൽ നടത്തിയിട്ടുമുണ്ട്. ജൽജീവൻ മിഷൻ പദ്ധതി കളുടെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കുന്ന തിനായി പ്രധാനമായും റിസർവോയറുകളെയും, പുഴകളെയുമാണ് പദ്ധതികളുടെ സ്രോതസ്സുകളായി കണ്ടെത്തിയിട്ടുള്ളത്.<br><br>സംസ്ഥാനത്തൊട്ടാകെയുള്ള പദ്ധതികളിൽ 53 പദ്ധതികൾക്ക് റീസർവോയറുകളും 383 പദ്ധതികൾക്ക് പുഴകളും 44 പദ്ധതികൾക്ക് ഭൂഗർഭ കിണറുകളും 68 പദ്ധതികൾക്ക് തുറന്ന കിണറുകളും (open wells), 50 പദ്ധതികൾക്ക് നീരുറവകൾ, കുളം, കായൽ എന്നിവയും സ്രോതസുകളായി കണ്ടെത്തിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ജല ജീവൻ മിഷനിലൂടെ ഈ സ്രോതസ്സുകളിൽ നിന്നായി പുതുതായി പ്രതിദിനം 1862.60 ദശലക്ഷം ലിറ്റർ ശുദ്ധജലം ഉത്പാദിപ്പിക്കുന്ന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>കൂടാതെ ജലസ്രോതസ്സുകളുടെ സുസ്ഥിരതക്ക് സംസ്ഥാന വാട്ടർ സെക്യൂരിറ്റി പ്ലാൻ തയ്യാറാക്കുന്നതിനായി വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക കമ്മിറ്റിയും രൂപീകരിച്ചിരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ